5215
7/6/14

ഭരണ ഭാഷ-മാതൃഭാഷ

GOVERNMENT OF KERALA

നം.3346/ഡി2/12/സാമൂ.നീതി.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 19.7.2013

<u>സർക്കുലർ</u>

വിഷയം - സാ.നീതി വകുപ്പ് -അംഗപരിമിതർക്ക് പൊതുസ്ഥാപനങ്ങളിൽ പ്രത്യേക ക്യൂ സമ്പ്രദായം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന- 1. കേരള നിയമസഭാസെക്രട്ടറിയേറ്റിലെ 2.3.2012 തീയതിയിലെ 11957/ഡബ്ല്യു.സി & പി.എച്ച്/എ 2/12/ലെജി നമ്പർ കത്ത്.

2. സാമൂഹ്യനീതി ഡയറക്ടറുടെ 25.6.2013 തീയതിയിലെ H1/20116/13 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും അംഗപരിമിതർക്ക് പ്രത്യേക ക്യൂ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭാരതീയ വികലാംഗ ഐക്യ അസോസിയേഷൻ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുൻപാകെ ഹർജി നൽകിയിരുന്നു. ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ അംഗപരിമിതർക്ക് പ്രത്യേക ക്യൂ സംവിധാനം അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. ആശുപത്രികൾ ഉൾപ്പെടെ എല്ലാ പൊതു സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും അംഗപരിമിതർക്ക് പ്രത്യേക ക്യൂ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

3. ബന്ധപ്പെട്ട വകുപ്പ മേധാവികൾ/എം.ഡി മാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവർ ഇക്കാര്യത്തിൽ ആവശ്യമായ സത്വര നടപടി സ്വീകരിച്ച് സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതാണ്.

**ഡോ. കെ. എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/സെക്രട്ടറി എന്നിവർക്ക്

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

എല്ലാ വകുപ്പ്/പൊതുമേഖല/,സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവി/ എം.ഡി/സി.ഇ.ഒ മാർക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ